ഭവഭൂതിയും കേരളവും

കേസരി ബാലകൃഷ്ണപിള്ള

ഭവഭൂതിയും കേരളവും

കേസരി ബാലകൃഷ്ണപിള്ള

(മലയാളം: ലേഖനം)

© 2021, Kesari Balakrishna Pillai

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Hanging Lamp, a photograph by Bibin C. Alex. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഭവഭൂതിയും കേരളവും

അല്പം കൊല്ലങ്ങൾക്കു മുമ്പുവരെ സുപ്രസിദ്ധ കവിയായ ഭവഭൂതിയെ കേരളവുമായി ഘടിപ്പിക്കുന്ന യാതൊരു ഐതിഹ്യവും നാം അറിഞ്ഞിരുന്നില്ല. ഒരു കേരളീയ നാടകകർത്താവായ കലശേഖരവർമൻ തന്റെ തപതീ സംവരണത്തിൽ ശൂദ്രകനെയും കാളിദാസനെയും ഹർഷനെയും ദണ്ഡിയേയും പറ്റി പ്രസ്താവിക്കുന്നുണ്ടെങ്കിലും ഭവഭൂതിയെപ്പറ്റി ഒന്നും തന്നെ പറയുന്നില്ല. ഇപ്പോൾ ഈ സ്ഥിതിക്ക് ഒരു പരിവർത്തനം വന്നിരിക്കുന്നു. ഭവഭൂതി കേരളത്തിൽ വന്നിട്ടുണ്ടെന്നും ഇവിടെ കുറേക്കാലം താമസിച്ചിട്ടുണ്ടെന്നും ഇവിടെ വെച്ചു മരിച്ചു എന്നും വിചാരിക്കുവാൻ ചില കണ്ടുപിടുത്തങ്ങൾ ഇടയാക്കിയിരിക്കുന്നു. ഇവയെപ്പറ്റി പ്രതിപാദിക്കുന്നതിനു മുമ്പ് ഈ കണ്ടുപിടുത്തങ്ങൾക്കു മുമ്പ് നമുക്കറിവുണ്ടായിരുന്ന ഭവഭൂതിയുടെ ജീവചരിത്രം സംക്ഷേപിച്ചു വിവരിച്ചുകൊള്ളട്ടെ.

വരാഹം, ഒരു ഗൂർജ്ജര-പ്രതിഹാര നാണയത്തിൽ (എ. ഡി. 850–900).

യജുർവേദത്തിന്റെ തൈത്തിരീയശാഖയിലും കാശ്യപഗോത്രത്തിലും പെട്ട ഒരു ഉദുംബരബ്രാഹ്മണനായ നീലകണ്ഠന്റെ പുത്രനായി ശ്രീകണ്ഠൻ എന്ന പേരുള്ള ഭവഭൂതി വിദർഭ(ബിറാർ)യിലെ പത്മപുരത്ത് എ. ഡി. എട്ടാം ശതാബ്ദത്തിന്റെ ആദ്യകാലത്ത് ജനിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മാതാവിന്റെ നാമം ജാതുകർണിയെന്നും, മുത്തച്ഛന്റെ പേര് ഭട്ടഗോപാലനെന്നും ഗുരുവിന്റേത് ജ്ഞാനനിധിയെന്നുമായിരുന്നു. ചെറുപ്പത്തിൽ അദ്ദേഹം അന്ന് ഗൂർജ്ജരപ്രതിഹാരന്മാരുടെ കീഴിലായിരുന്ന ഉജ്ജയിനിയിൽ താമസിച്ചിരുന്നു എന്ന് വിചാരിക്കുവാൻ കാരണമുണ്ട്. അനന്തരം നാം അദ്ദേഹത്തെ കാണുന്നത് കന്യാകുബ്ജത്തിലെ രാജാവായ യശോവർമന്റെ രാജധാനിയിൽ അദ്ദേഹം ആ രാജാവിനെ സേവിച്ചു പാർക്കുമ്പോഴാണ്. രാമാഭ്യുദയം എന്ന നാടകത്തിന്റെ കർത്താവായ ഈ യശോവർമൻ എ. ഡി. 728-ന് സമീപിച്ച് രാജ്യഭാരമേൽക്കുകയും എ. ഡി. 731-ൽ ചീനാചക്രവർത്തിയായ ഹിയൻ സാങിന്റെ രാജധാനിയിലേക്ക് ഒരു രാജദൂതനെ അയക്കുകയും ചെയ്തതായി നമുക്കറിയാം. എ. ഡി. 740-ന് സമീപിച്ച് ഇദ്ദേഹം ഒരു ദിഗ്ജയം നടത്തി. ഗൗഡരാജാവിനെ വധിക്കുകയും മഗധരാജാവിനേയും വംഗരാജാവിനേയും സെൻട്രൽ പ്രോവിൻസിലുള്ള ഒരു രാജാവിനേയും (ഈ രാജാവ് നാഗപുരിന് സമീപത്ത് ഭരിച്ചിരുന്ന ശൈലവംശജനായ ജയവർധനൻ ഒന്നാമനായിരിക്കാമെന്ന് ഈ ലേഖകൻ വിചാരിക്കുന്നു) പാരസികരേയും ജയിച്ചതിനുശേഷം ഗൂർജ്ജരന്മാർ ഭരിച്ചിരുന്ന രാജപുട്ടാണയെ കടന്ന് സ്ഥാനേശ്വരത്തിൽക്കൂടി തന്റെ തലസ്ഥാനമായ കന്യാകുബ്ജത്തിലേക്ക് തിരിച്ചുപോരുകയും ചെയ്തു. ഈ ദിഗ്ജയത്തിൽ ഉജ്ജയിനിയിൽ താമസിച്ചിരുന്ന ഭവഭൂതിയെ യശോവർമൻ കണ്ടുമുട്ടുകയും തന്നോടുകൂടി കന്യാകുബ്ജത്തിലേക്ക് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോരികയും ചെയ്തു എന്ന് നമുക്കു വിചാരിക്കാം. തന്റെ മൂന്നു നാടകങ്ങളിൽ 'വീരചരിതം' ഭവഭൂതി ഉജ്ജയിനിയിൽ താമസിക്കുമ്പോൾ രചിച്ചതായിരിക്കാം. ശേഷിച്ച രണ്ടും, അതായത്, 'മാലതീമാധവ'വും 'ഉത്തരരാമചരിത'വും അദ്ദേഹം യശോവർമന്റെ രാജധാനിയിൽ രചിച്ചു എന്ന് വിചാരിക്കുവാൻ ന്യായമുണ്ട്. ഭവഭൂതി എന്ന പേര് അദ്ദേഹത്തിനു കിട്ടിയത്:

"തപസ്വികാം ഗതോവസ്ഥാ-
മിതി സ്മേരാനനാവിവ-
ഗിരിജായാഃ സ്തനൗവന്ദേ
ഭവഭൂതി സിതാനനൗ"

എന്ന അദ്ദേഹത്തിന്റെ ശ്ലോകത്തിൽ നിന്നാണെന്നാണ് ഐതിഹ്യം. കന്യാകുബ്ജത്തിൽ താമസിച്ചിരുന്നുകൊണ്ടിരുന്നപ്പോൾ ഭവഭൂതി ബംഗാൾ മുതലായ ഭാരതത്തിന്റെ പൂർവ്വദേശങ്ങളിൽ സഞ്ചരിച്ചിരുന്നു എന്ന് അദ്ദേഹത്തിന്റെ കൃതികളിൽ നിന്ന് നമുക്കനുമാനിക്കാം. ഉദാഹരണമായി ഉത്തരരാമചരിതം നാലാമങ്കത്തിൽ സീതയുടെ വനവാസം അറിഞ്ഞതുകൊണ്ടുണ്ടായ ദുഃഖശമനാർത്ഥം ജനകൻ (കിഴക്കെ ബംഗാളിലുള്ള) ചന്ദ്രദ്വീപിലെ ഒരാശ്രമത്തിൽ പോയി കുറേക്കാലം തപസ്സു ചെയ്തിരുന്നു എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. എ. ഡി. 745-ന് സമീപിച്ച് മുക്താപീഡ ലളിതാദിത്യൻ എന്ന പ്രസിദ്ധനായ കാശ്മീരരാജാവ് യശോവർമനെ തോൽപ്പിച്ച് കീഴടക്കുകയുണ്ടായി. ഇതിനുശേഷം ഉദ്ദേശം ഒരു ആറുവർഷം കൂടി യശോവർമൻ ജീവിച്ചിരുന്നു എന്നു വിചാരിക്കുവാൻ കാരണമുണ്ടെങ്കിലും, ഇതു മുതൽക്ക് അദ്ദേഹത്തിന്റെ പ്രതാപം അസ്തമിച്ചു എന്ന് നമുക്കു വിചാരിക്കാം. യശോവർമന്റെ തോൽവിക്കുശേഷമുള്ള ഭവഭൂതിയുടെ ചരിത്രത്തെപ്പറ്റി നമുക്ക് യാതൊരു അറിവുമുണ്ടായിരുന്നില്ല.



തെലി കാ മന്ദിറിന്റെ നാലു പ്രവേശന കവാടങ്ങളിൽ ഒന്ന്. പ്രതിഹാര ചക്രവർത്തി മിഹിര ഭോജയാണ് ഈ ഹിന്ദു ക്ഷേത്രം പണികഴിപ്പിച്ചത്.

യശോവർമന്റെ രാജധാനിയിൽ അദ്ദേഹത്തിന്റെ ആശ്രിതനായി ഭവഭൂതിക്കു പുറമേ വാക്പതി എന്ന ഒരു സാമന്ത കവിയുണ്ടായിരുന്നു. 'ഗൗഡവഹോ' (ഗൗഡവധം) എന്ന പ്രസിദ്ധ പ്രാകൃത കാവ്യത്തിന്റെയും 'മഹുമഹവിജയോ' (മധുമഥവിജയം) എന്ന മറ്റൊന്നിന്റെയും കർത്താവാണ് വാക്പതി. ഇവയിൽ മഹുമഹവിജയം നമുക്കു ലഭിച്ചിട്ടില്ല. യശോവർമന്റെ ഗൗഡയുദ്ധത്തേയും ഗൗഡരാജാവിന്റെ വധത്തേയും വിവരിക്കുന്ന ഗൗഡവഹോവിൽ നിന്നാണ് ആ രാജാവിന്റെ ദിഗ്ജയത്തെപ്പറ്റി മുകളിൽ വിവരിച്ചിട്ടുള്ള വിവരങ്ങൾ നമുക്ക് ലഭിച്ചിട്ടുള്ളത്. വാക്പതി ഭവഭൂതിയെ വളരെ സ്തുതിച്ചിരിക്കുന്നതുകൊണ്ടും മറ്റു കാരണങ്ങളാലും ആ പ്രാകൃത കവിക്ക് ഭവഭൂതിയെക്കാൾ ഒട്ടധികം പ്രായം കറഞ്ഞിരുന്നു എന്നു നമുക്ക് വിചാരിക്കാം. ഒടുക്കം ഒരു ജൈനനായിത്തീർന്നു. ജൈനന്മാർ അനുഷ്ഠിക്കാറുള്ള പട്ടിണി നോമ്പുകൊണ്ട് ജീവത്യാഗം ചെയ്ത വാക്പതിയെക്കുറിച്ചും, ജൈനമതം സ്വീകരിച്ച യശോവർമപുത്രനായ ആമരാജാവിനെ സംബന്ധിച്ചും ജൈനഗ്രന്ഥങ്ങളിൽ നിന്നും നമുക്ക് ചില വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. യശോവർമന്റെ കൊട്ടാരത്തിലെ കവി രാജാവായിരുന്ന വാക്പതി ആദ്യം ആ രാജാവ് വധിച്ച ഗൗഡരാജാവിന്റെ ആശ്രിതനായിരുന്നുവെന്നും, തന്റെ രക്ഷിതാവിന്റെ മരണാനന്തരമാണ്, അതായത്, ഉദ്ദേശം 751-ന ശേഷമാണ് വാക്പതി ഗൗഡവഹോ രചിച്ചതെന്നും ആ രാജാവിനെ ജൈനമതത്തിലേക്ക് കൊണ്ടുവന്ന ജൈനാചാര്യൻ ബപ്പഭട്ടി എ. ഡി. 743 മുതൽക്ക് 837 വരെ ജീവിച്ചിരുന്നുവെന്നും നമുക്ക് പ്രസ്തുത ജൈനഗ്രന്ഥങ്ങളിൽ നിന്നറിയാം. ഇതിൽനിന്ന് എ. ഡി. 751-ന് മുമ്പ് ഭവഭൂതി തന്റെ മൂന്നു നാടകങ്ങളും രചിച്ചിരുന്നുവെന്ന് നമുക്കൂഹിക്കുകയും ചെയ്യാം. നാടകരചനയുള്ള കെൽപ്പ് വളരെ കറയുമെങ്കിലും കവിത്വം മികച്ചിരുന്ന ഭവഭൂതിക്ക് അസാധാരണ ബുദ്ധിശക്തി ഉണ്ടായിരുന്നതിനാൽ, തന്റെ ഒടുവിലത്തെ കൃതി രചിച്ചതിന്നിടയിൽ കാലമായ എ. ഡി. 751-ൽ കറഞ്ഞപക്ഷം മുപ്പതിന്റെ വയസ്സുണ്ടായിരുന്നു എന്നു നമുക്ക് വിചാരിക്കാവുന്നതാണ്. അതിനാൽ ഭവഭൂതിയുടെ ജനനം എ. ഡി. 720-ന് സമീപമായിരിക്കുവാൻ ഇടയുണ്ട്.



ഗ്വാളിയോർ കോട്ടയിലെ തെലി കാ മന്ദിറിനടുത്തുള്ള ശില്പങ്ങൾ.

ഇനി നമുക്ക് ഭവഭൂതിയെപ്പറ്റി നവീനമായി ലഭിച്ചിട്ടുള്ള അറിവുകളിലേക്ക് കടക്കാം. പ്രസിദ്ധ മീമാംസകനായ കമാരിലഭട്ടന്റെ നാലു മുഖ്യശിഷ്യന്മാരെ വിവരിക്കുന്ന:

"ഉംബേകകാരികാം വേത്തി
തന്ത്രം വേത്തി പ്രഭാകരഃ
മണ്ഡനസ്തുഭയം വേത്തി
ന കിഞ്ചിദപി രേവണഃ"

എന്ന ശ്ലോകത്തിൽ പറയുന്ന ഉംബേകനും, ശങ്കരാചാര്യന്മാരുടെ സുപ്രസിദ്ധ ശിഷ്യനായ സുരേശ്വരനും, യാജ്ഞവൽക്യ സംഹിതയ്ക്കു ബാലക്രീഡ എന്ന പേരിൽ ഒരു വ്യാഖ്യാനമെഴുതിയിട്ടുള്ള വിശ്വരൂപനും, ഭവഭൂതിയും ഒന്നാണെന്ന് കാണിക്കുന്ന ലക്ഷ്യങ്ങളാണ് നമുക്ക് പുതുതായി കിട്ടിയിരിക്കുന്നത്. മി. ദിനേശചന്ദ്ര ഭട്ടാചാര്യ ഈ തെളിവുകളെല്ലാം കൂട്ടിച്ചേർത്തു. പ്രസ്തുത നാലുപേരും ഒന്നാണെന്നും മണ്ഡനമിശ്രനും, ഉംബേകനും, വിശ്വരൂപനും സുരേശ്വരനും മാധവന്റെ ശങ്കരദിഗ്വിജയത്തെ ആസ്പദിച്ചുള്ള സാധാരണയായ ധാരണ തെറ്റാണെന്നും ഇന്ത്യൻ ഹിസ്റ്റോറിക്കൽ ക്വാർട്ടേർലിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുകളിൽ ഉദ്ധരിച്ച കമാരിലശിഷ്യന്മാരെപ്പറ്റിയുള്ള ശ്ലോകത്തിൽ മൂന്നാമത്തെ വരിയിൽ മണ്ഡനനെന്നതിനുപകരം വാമനനെന്നൊരു പാഠഭേദമുണ്ടെന്നും ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ. സുരേശ്വരനും മണ്ഡനമിശ്രനും ഒന്നല്ലെന്നുള്ള മി. ഭട്ടാചാര്യരുടെ മതത്തെ പ്രൊഫസർ ഹിരിയണ്ണ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ തെളിവുകളിലേക്ക് കടക്കുന്നതിനു മുമ്പ് ഈ പ്രസിദ്ധ പണ്ഡിതന്മാരെപ്പറ്റി യാതൊരറിവും ഇല്ലാത്തവരുടെ ഉപയോഗത്തിനായി അവരെക്കുറിച്ച് ചില വിവരങ്ങൾ പറഞ്ഞുകൊള്ളട്ടെ.

ഗ്വാളിയർ കോട്ടയിലെ സിദ്ധാചൽ ഗുഹകൾക്കുള്ളിലെ ജൈനതീർത്ഥങ്കര ബിംബങ്ങൾ. ഗൂർജ്ജരപ്രതിഹാരകാലത്തെ പ്രതിമകളും പാറയുള്ളിൽ കൊത്തിവച്ചിട്ടുള്ളത്.

അർത്ഥം മനസ്സിലാക്കുവാൻ പ്രയാസമായിത്തീർന്നിരുന്ന വേദങ്ങളിലെ ആരാധനാവിധികളെയും യുക്തിചെയ്ത് വ്യാഖ്യാനിക്കുന്ന മീമാംസാസൂത്രത്തിന്റെ പ്രധാനഗ്രന്ഥമായ ജൈമിനിയുടെ പൂർവ്വമീമാംസാ സൂത്രത്തിന്നെഴുതിയിട്ടുള്ള പ്രധാന വ്യാഖ്യാനങ്ങളിലൊന്ന് ശബരഭാഷ്യമാണ്. ഈ ശബരഭാഷ്യത്തിനും വ്യാഖ്യാനങ്ങളെഴുതി മീമാംസയെ മൂന്നു പ്രത്യേക വഴികളിലേക്ക് തിരിച്ചുവരാണ് കമാരിലനും പ്രഭാകരനും മണ്ഡനമിശ്രനും. കമാരിലന്റെ വ്യാഖ്യാനഗ്രന്ഥങ്ങളുടെ പേരുകൾ ശ്ലോകവാർത്തികം, താന്ത്രവാർത്തികം, ടുപ്ടീക എന്നും പ്രഭാകരന്റെ വ്യാഖ്യാനത്തിന്റെ പേര് ബൃഹതി എന്നും, മണ്ഡനമിശ്രന്റെ കൃതികൾ വിധിവിവേകം, ഭ്രമവിധി മുതലായവയുമാകുന്നു. ബാദരായണന്റെ വേദാന്തസൂത്രങ്ങളെയും അതിന്റെ പ്രാചീന വ്യാഖ്യാനങ്ങളെയും ആസ്പദിച്ച് ശങ്കരാചാര്യന്റെ പ്രസിദ്ധ ഭാഷ്യഗ്രന്ഥങ്ങളും സുരേശ്വരന്റെ പലവാർത്തികങ്ങളും നൈഷ്കർമ്മ്യസിദ്ധിയും ജനിക്കുകയുണ്ടായി. ശങ്കരാചാര്യരും സുരേശ്വരനും തമ്മിലും, ശങ്കരാചാര്യരും മണ്ഡനമിശ്രനും തമ്മിലുണ്ടായതായി ഐതിഹ്യം ഘോഷിക്കുന്ന വാദപ്രതിവാദം ഇല്ലാം സുപ്രസിദ്ധമാണല്ലോ. മുകളിൽ ഉദ്ധരിച്ചിട്ടുള്ള കമാരിലന്റെ ശിഷ്യന്മാരെ സൂചിപ്പിക്കുന്ന ശ്ലോകത്തിൽ പ്രസ്താവിക്കുന്ന രേവണൻ രേവണാരാധ്യനെന്ന നാമത്തിൽ ഒരു കാശ്മീരസ്തുതിഗ്രന്ഥമായ [illegible] രചിച്ചിട്ടുള്ളതായും കാണുന്നു.

ബരോലി ക്ഷേത്ര സമുച്ചയത്തിലെ ഘടേശ്വര മഹാദേവ ക്ഷേത്രം. ഗൂർജ്ജര പ്രതിഹാരന്മാർ നിർമ്മിച്ചത്.

ഇനി നമുക്ക് മി. ദിനേശ്ചന്ദ്ര ഭട്ടാചാര്യ ചൂണ്ടിക്കാണിച്ചിട്ടുള്ള സംഗതികളിലേക്ക് കടക്കാം. മണ്ഡനമിശ്രനും ഉംബേകനും വിശ്വരൂപനും സുരേശ്വരനും ഒന്നാണെന്ന് മാധവന്റെ ശങ്കരദിഗ്വിജയത്തിൽ പറഞ്ഞിരിക്കുന്നതു തെറ്റാണെന്നും, സുരേശ്വരന്റെ കൃതികളിലും മണ്ഡനമിശ്രന്റെ കൃതികളിലും കാണുന്ന അഭിപ്രായവ്യത്യാസങ്ങളും ചില ശ്രീഭക്തിയുടെ കൃതികളിൽ സുരേശ്വരന്റെയും മണ്ഡനമിശ്രന്റെയും അഭിപ്രായങ്ങളെ വെവ്വേറെ ഉദ്ധരിച്ചിരിക്കുന്ന വസ്തുതയും ശങ്കരാചാര്യർ മണ്ഡനമിശ്രനെയും വിശ്വരൂപനെയും കണ്ടുമുട്ടിയതായി പ്രസ്താവിച്ചിരിക്കുന്നതും, മണ്ഡനമിശ്രനും സുരേശ്വരനും ഒന്നല്ലെന്ന് കാണിക്കുന്നു. മണ്ഡനമിശ്രന്റെ കൃതിയായ ഭാവനാവിവേകവും, ഉംബേകന്റെ നഷ്ടമായ ശ്ലോകവാർത്തിക വ്യാഖ്യാനത്തിൽ നിന്ന് ശാന്ത്യർഷിയിൽ ഭട്ടാർകുള്ള ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളും, ഉംബേകൻ കമാരിലന്റെ ശിഷ്യനാണെന്നും, മണ്ഡനമിശ്രൻ കമാരിലന്റെ ചില അഭിപ്രായങ്ങളെ ആക്ഷേപിക്കുന്ന എന്നും, ഉംബേകനും മണ്ഡനമിശ്രനും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടെന്നും വരുന്നു. ഭവഭൂതിയുടെ മാലതീമാധവത്തിന്റെ ശിഷ്യന്റെ കൃതിയാണ് എന്ന് ഒരിടത്തും, ഉംബേകാചാര്യന്റെ കൃതിയാണെന്ന് മറ്റൊരിടത്തും പറഞ്ഞിട്ടുള്ളതും, ചിത്സുഖി എന്ന വ്യാഖ്യാനഗ്രന്ഥത്തിൽ ഉംബേകനാണ് ഭവഭൂതിയെന്ന് വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നതും ഉംബേകനും ഭവഭൂതിയും ഒന്നാണെന്ന് സ്ഥാപിക്കുന്നുണ്ട്. അവസാനമായി വിശ്വരൂപൻ യാജ്ഞവല്യസംഹിതയുടെ വ്യാഖ്യാനമായി രചിച്ചിട്ടുള്ള 'ബാലക്രീഡ'യ്ക്ക് യതീശ്വരൻ എഴുതിയ 'വിഭാവനാ' എന്ന ഉപവ്യാഖ്യാനത്തിൽ:

"യത് പ്രസാദാത്സം ലോകോ
ധർമ്മമാർഗ്ഗമപിതഃ സുധീ
ഭവഭൂതി സുരേശാഖ്യം
വിശ്വരൂപം പ്രണമ്യഹം."

എന്ന ബാലക്രീഡാകർത്താവായ വിശ്വരൂപനെപ്പറ്റി പറയുന്നതിൽ നിന്ന് ഭവഭൂതിയും, സുരേശ്വരനും, വിശ്വരൂപനും ഒന്നാണെന്ന് വ്യക്തമാക്കുന്നുണ്ട്. ബാലക്രീഡയിൽ ഭവഭൂതിയുടെ കൃതി കാണിക്കുന്ന ചില ഉദാഹരണങ്ങളും മി. ദിനേശചന്ദ്ര ഭട്ടാചാര്യ ഉദ്ധരിച്ചിട്ടുണ്ട്. ഭവഭൂതി തന്റെ നാടകങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള വേദങ്ങളോടുള്ള താല്പര്യം വേദങ്ങളിൽ നിന്നു ധാരാളം ഭാഗങ്ങളുദ്ധരിച്ച ബാലക്രീഡയിലും അദ്ദേഹം കാണിച്ചിരിക്കുന്നു. ഉത്തരരാമചരിതത്തിന്റെ നാലാമങ്കത്തിൽ ഗോമാംസം ഭക്ഷിക്കുന്നതിനെ ആസ്പദിച്ചു ന്യായീകരിച്ചിരിക്കുന്നതുപോലെ ബാലക്രീഡയിലും ഭവഭൂതി ഗോവധത്തെ ന്യായീകരിച്ചിരിക്കുന്നു. ബാലക്രീഡ ഭവഭൂതിയുടെ യൗവനകാലത്തെ ഒരു കൃതിയാണ്. വിശ്വരൂപനും ശങ്കരാചാര്യരും തമ്മിൽ മഗധയിൽ വച്ചു നടന്നതായി ഗ്രന്ഥകാരൻമാർ പ്രസ്താവിക്കുന്ന പ്രസിദ്ധ വാദപ്രതിവാദത്തിന്റെ പരമാർത്ഥത മഗധയെ കീഴടക്കിവാണിരുന്ന യശോവർമന്റെ രാജധാനിയായ കന്യാകുബ്ജത്തിൽ ഭവഭൂതി താമസിച്ചിരുന്നതിനുള്ള സംഗതി ചിന്താർഹമാണ്. മണ്ഡനമിശ്രനും സുരേശ്വരനും ഒന്നല്ലെന്നും, ഉംബേകനും സുരേശ്വരനും, വിശ്വരൂപനും ഭവഭൂതിയും ഒന്നാണെന്നുമുള്ള മി. ദിനേശ്ചന്ദ്രഭട്ടാചാര്യരുടെ അഭിപ്രായം സ്വീകരിക്കുന്നതിൽ കാലസംബന്ധമായ ചില പൊരുത്തമില്ലായ്മകൾ ഉണ്ടെന്ന് പ്രഥമദൃഷ്ടിയിൽ തോന്നിയേക്കാം, ഇവ ചില തെറ്റായ കാലഗണന കൊണ്ടാണെന്ന് സൂക്ഷ്മപരിശോധനയിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. അതിനാൽ ഈ ലേഖകൻ പ്രസ്തുത അഭിപ്രായത്തോടു പൂർണ്ണമായി യോജിക്കുന്നു. മി. ഭട്ടാചാര്യരുടെ അഭിപ്രായത്തെ സ്വീകരിക്കുന്നതിൽ കാലസംബന്ധമായും യാതൊരു തടസ്സവുമില്ലെന്ന് കാണിക്കുവാനായി എ. ഡി. എട്ടാം ശതാബ്ദത്തിൽ ഭാരതത്തെ ഭരിച്ചിരുന്ന പ്രധാന രാജവംശങ്ങളുടെ വംശാവലിയും ഉദ്ദേശകാലങ്ങളും ആദ്യമായി ചുവടെ ചേർത്തുകൊള്ളുന്നു;

രാഷ്ട്രകൂടം	കാശ്മീരവംശം	കന്യാകുബ്ജം	ഗൗഡവംശം	ഗൂർജ്ജര പ്രതിഹാര വംശം
കക്കൻ ഇന്ദ്രൻ (769–779) ദന്തിദുർഗ്ഗൻ (754–769)	ദുർലഭകൻ (724–760) ചന്ദ്രാപീഡൻ ലളിതാദിത്യൻ കുവലയാപീഡൻ (761)	728–751 ആമ (751–780) വജ്രായുധൻ ഇന്ദ്രായുധൻ (783)	740–768 ഗോപാലൻ (768–808) ധർമ്മപാലൻ	നാഗഭടൻ വത്സരാജൻ (783)
ഗോവിന്ദൻ III (779–815)	ജയാപീഡൻ (779–810)	ചക്രായുധൻ (810)	ദേവപാലൻ (810–850)	നാഗഭടൻ II

കന്യാകുബ്ജത്തിലെ യശോവർമന്റെ പുത്രനായ ആമരാജാവിനെ സാധാരണയായി ചരിത്രകാരന്മാർ വിഗണിച്ച് യശോവർമവംശം 783-ൽ നാടുവാണിരുന്ന ഇന്ദ്രായുധന് മുമ്പ് ഒരു വജ്രായുധൻ വാണിരുന്നു എന്ന് രാജശേഖരകവിയുടെ കർപ്പൂരമഞ്ജരിയിലെ ഒരു പ്രസ്താവനയെ ആസ്പദമാക്കി വിശ്വസിച്ചുവരുന്നു. എന്നാൽ ജൈനന്മാരുടെ ഗ്രന്ഥങ്ങൾ ആമരാജാവിനെ വളരെ കീർത്തിക്കുന്നുണ്ട്. അതിനാൽ ആമരാജാവിന്റെ ഒരു ബിരുദം മാത്രമാണ് ഈ വജ്രായുധനെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. ഇതിന് മറ്റൊരു തെളിവുണ്ട്. ചാലൂക്യവംശത്തിന്റെ ശക്തി നശിപ്പിച്ച് ഹൈദരാബാദിലുള്ള മാന്യഖേടത്തിൽ രാഷ്ട്രകൂടന്മാരെ ഇന്ത്യയിലെ ഒരു മഹാശക്തിയാക്കിച്ചമച്ച ദന്തിദുർഗൻ കർണാടകത്തിലെ ചാലൂക്യന്മാർക്ക് പുറമേ കാഞ്ചിയിലെ പല്ലവരേയും കേരള ചോളപാണ്ഡ്യരാജാക്കന്മാരെയും ഒരു ശ്രീഹർഷനെയും ഒരു വജ്രടനെയും തോൽപ്പിച്ച് ഉജ്ജയിനിയിൽ വച്ച് ഹിരണ്യഗർഭം മറ്റും നടത്തിയതായി ചെപ്പേടുകളിൽ നിന്നും ശിലാലേഖനങ്ങളിൽ നിന്നും നമുക്കറിയാം. രാഷ്ട്രകൂട ചക്രവർത്തിയായ ഗോവിന്ദൻ മൂന്നാമന്റെ പൈഠാൻ ചെപ്പേടിലാണ് ചുവടെ ചേർക്കുന്ന പ്രകാരം ശ്രീ ഹർഷവജ്രടന്മാരെ തോല്പിച്ചതായി പറഞ്ഞിട്ടുള്ളത്:



കാശിവിശ്വനാഥ ക്ഷേത്രം പട്ടടക്കൽ, കർണാടകം

"കാഞ്ചീശകേരളനരാധിപ ചോളപാണ്ഡ്യ-
ശ്രീഹർഷവജ്രടവിഭേദ വിധാന ദക്ഷം
കർണ്ണാടകം ബല മനന്ത മജേയമന്യൈർ
ഭൃത്യൈഃ കിയദ്ഭിരപി യഃ സഹസാജിഗായ"

ഇതിൽ പറഞ്ഞിരിക്കുന്ന വജ്രടൻ കന്യാകുബ്ജത്തിലെ വജ്രായുധനും ശ്രീഹർഷൻ കാമരൂപത്തിലെ (ആസാമിലെ) ശ്രീഹർഷനുമാണെന്നാണ് ഈ ലേഖകന്റെ അഭിപ്രായം. ഈ ശ്രീഹർഷനെ ഗൗഡോഡ്രാദി കലിംഗകോസലപതിയായി എ. ഡി. 759-ൽ ഉള്ള നേപ്പാളിലെ ജയദേവന്റെ ഒരു ലേഖനവും, ഗൗഡരാജാവായ ഗോപാലന്റെ സമകാലികനായി താരാനാഥനും നിർദ്ദേശിച്ചിരിക്കുന്നതിനാൽ അദ്ദേഹം ദന്തിദുർഗന്റെ സമകാലിനനാണെന്നു വരുന്നു. യശോവർമന്റെ പുത്രനായ ആമരാജാവ് ഗോപാലന്റെയും ധർമപാലന്റെയും കാലത്ത് നാടുവാണിരുന്നു എന്ന് ജൈനഗ്രന്ഥങ്ങളിൽ നിന്നു മനസ്സിലാക്കാവുന്നതിനാൽ ദന്തിദുർഗൻ തോൽപ്പിച്ച വജ്രടനാണ് ആമരാജാവ്, അഥവാ വജ്രായുധൻ എന്ന് പ്രത്യക്ഷമാകുന്നുണ്ട്. ദന്തിദുർഗനെപ്പോലെ തന്നെ അദ്ദേഹത്തിന്റെ ഒരു പിൻഗാമിയായ ഗോവിന്ദൻ മൂന്നാമനും ഉത്തരഭാരതത്തെ ആക്രമിച്ച് കന്യാകുബ്ജത്തിലെ ചക്രായുധനെയും, മാലവത്തിലെ ഗുർജരപ്രതിഹാരനായ നാഗഭടൻ രണ്ടാമനെയും, ഗൗഡത്തിലെ ധർമപാലനേയും തോൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആമരാജാവിന്റെ ശക്തിയിൽ അസൂയ ജനിച്ചതുകൊണ്ടായിരിക്കണം കാശ്മീരത്തിലെ മുക്താപീഡലളിതാദിത്യന്റെ ഒരു പിൻഗാമിയായ ജയാപീഡനായിരുന്നു ആമരാജാവിനെ തോൽപ്പിച്ച് കന്യാകുബ്ജത്തിലെ സിംഹാസനം അപഹരിച്ച് കാശ്മീരത്തേക്ക് കൊണ്ടുപോയത്. യശോവർമന്റെ മരണാനന്തരം ഭവഭൂതി ആമരാജാവിനെയും സേവിച്ച് കന്യാകുബ്ജത്തിലും അതിന്റെ അധീനത്തിലിരുന്നിരുന്ന മഗധയിലും പാർത്തിരിക്കണം. ആമരാജാവിന്റെ മരണം 780-ന സമീപിച്ചുകയാൽ ആ കാലംവരെ ഭവഭൂതി ഉത്തരദേശത്തിൽ പാർത്തിരുന്നു എന്നുവരുന്നു.

ഒൻപതാം നൂറ്റാണ്ടിലെ കന്നഡ ലിഖിതം, കർണാടകയിലെ കുക്കനൂർ നവലിംഗ ക്ഷേത്രത്തിൽ നിന്ന്.

ഭവഭൂതി മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെതന്നെ 720-ന സമീപമുള്ള ജനിച്ചിരുന്നതിനാലും ശങ്കരാചാര്യർ 788-ൽ ജനിച്ച് 820 വരെ ജീവിച്ചിരുന്നതായി ഇന്നു സാധാരണയായി വിചാരിച്ചു വരുന്നതിനാലും ഭവഭൂതിക്ക് ശങ്കരന്റെ ശിഷ്യനായിത്തീരുവാൻ സാധിക്കയില്ലെന്നു തോന്നിയേക്കാം. ഭവഭൂതി 85 വയസ്സുവരെ ജീവിച്ചിരുന്നു എന്ന് വിചാരിച്ചാൽപ്പോലും അദ്ദേഹം മരിക്കുമ്പോൾ ശങ്കരനു പ്രസ്തുത കാലനിർണ്ണയമനുസരിച്ച് 17 വയസ്സു മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. 17 വയസ്സായ ഒരു ബാലൻ മഗധയിൽ ചെന്ന് ഉത്തവൃദ്ധനായ ഭവഭൂതിയെ വാദത്തിൽ തോല്പിച്ചു എന്നു പറയുന്നതു സംഭാവ്യമല്ല. അതിനാൽ ഭവഭൂതിയെ മുകളിൽ ഉദ്ധരിച്ച തെളിവുകളനുസരിച്ച് ശങ്കരന്റെ ശിഷ്യനാക്കണമെങ്കിൽ ഇപ്പോൾ ഉറപ്പിക്കപ്പെട്ടിരിക്കുന്ന ശങ്കരന്റെ ജനനവർഷത്തെ, അതായത് 788-നെ കുറെക്കൂടി പുറകോട്ട് കൊണ്ടുപോകേണ്ടിവരുന്നു. ഇങ്ങനെ ചെയ്യുന്നതിന് മറ്റു കാരണങ്ങളുമുണ്ട്.



യക്ഷ മാതംഗ, യക്ഷി സിദ്ധായികയോടൊപ്പം ജൈന തീർത്ഥങ്കര മഹാവീർ, എല്ലോറ ഗുഹ.

"ദേദീപ്യ[illegible]
നവഭേദവാ[illegible]
[illegible]
സ്വഭയാപീഡ [illegible]
[illegible]
വപുഷഃ ശാരദായാഃ പൂര്യാൽ
പീഠാ സർവ്വജ്ഞതയോ[illegible]
[illegible]"

എന്ന ശ്ലോകത്തിൽ നിന്ന് ജയാപീഡ വിനയാദിത്യന്റെ സഭാപതിയായ ഉത്ഭടനെ കാശ്മീരത്തിലെ ശാരദാപീഠത്തിൽ വച്ച് തോൽപ്പിച്ച് ശങ്കരാചാര്യൻ സർവ്വജ്ഞപീഠം കയറി എന്ന് പ്രത്യക്ഷമാണ്. എ. ഡി. 860-ന് സമീപിച്ച് ജയാപീഡൻ മരിക്കയാൽ ഇന്നു സ്വീകരിച്ചിട്ടുള്ള ശങ്കരന്റെ ജനനതിയതിയനുസരിച്ച് അദ്ദേഹത്തിന് 18 വയസ്സുമാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഇത് സംഭാവ്യമാണ്. ഇതും ശങ്കരന്റെ ജനനകാലം പിറകോട്ടു കൊണ്ടുപോകണമെന്ന് കാണിക്കുന്നു. ഏതു വർഷത്തേക്ക് പിറകോട്ടു കൊണ്ടുപോകണമെന്നതാണ് അടുത്തപ്രശ്നം. ശങ്കരന്റെ സമാധികാലം ഇപ്പോൾ സ്വീകരിച്ചിട്ടുള്ള 840-ന സമീപമാണെന്നുള്ളത് നിശ്ചയമാണ്. ആചാര്യവാഗദേവു എന്ന കലിവാക്യം 820-ന് സമീപകാലത്ത് ശങ്കരൻ ജീവിച്ചിരുന്നു എന്ന് കാണിക്കുന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ചിറക്കൽ ടി. ബാലകൃഷ്ണൻ നായർ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനത്തിൽ രവിവർമ വിരചിതമായ ഉദയവർമചരിതത്തിൽ നിന്നും എ. ഡി. 835-ൽ ശങ്കരാചാര്യർ കോലത്തുനാട്ടിൽ നിന്ന് തൃശൂർക്ക് പോയി എന്ന് പ്രസ്താവിച്ചിട്ടുള്ളതായി പറഞ്ഞിരിക്കുന്നു. അതിനാൽ 835-ന ശേഷമായിരിക്കണം അദ്ദേഹം തൃശൂരിൽ വച്ച് സമാധിയടഞ്ഞതെന്ന് നമുക്കു വിചാരിക്കാം. ദേവിയെ സ്തുതിച്ച് ശങ്കരൻ എഴുതിയിട്ടുള്ള:

"പരിത്യക്താ ദേവാൻ വിവിധവിധി സേവാ കലതയാ
മയാ പഞ്ചാശീതേ രധിക മപനീതേ തുവയസി
ഇദാനീം ചേന്മാതഃ തവയദികൃപാ നാപിഭവിതാ
നിരാലംബോ ലംബോദര ജനനികം യാമി ശരണം"

എന്ന ശ്ലോകത്തിൽ തനിക്ക് 85 വയസ്സുതായി എന്ന് അദ്ദേഹം പ്രസ്താവിക്കുന്നതിനാൽ ശങ്കരൻ കറഞ്ഞപക്ഷം 85 വയസ്സുവരെ ജീവിച്ചിരുന്നു എന്ന് വിചാരിക്കണമെന്ന് മി. എ. വി. വെങ്കിടേശ്വരൻ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഇവിടെ സ്മരണീയമാണ്. 32 വയസ്സിൽ മരിച്ചതായി ഐതിഹ്യം പ്രസ്താവിക്കുന്ന ശങ്കരാചാര്യർ ആദിശങ്കരാചാര്യരാണെന്നും, അഭിനവ ശങ്കരനല്ലെന്നും, ഇന്നത്തെ പണ്ഡിതന്മാർ വിചാരിച്ചു വരുന്ന എന്നും പറഞ്ഞുകൊള്ളട്ടെ. 840-ൽ 85 വയസ്സുണ്ടായിരുന്നുവെങ്കിൽ ശങ്കരന്റെ ജനനം എ. ഡി. 755-ന സമീപിച്ചായിരിക്കണം. അപ്പോൾ കാശ്മീരത്തിൽ വച്ച് സർവജ്ഞപീഠം കയറിയപ്പോൾ ശങ്കരന് 45 വയസ്സ് ഉണ്ടായിരുന്നിരിക്കാനിടയുണ്ട്. എ. ഡി. 800-ന സമീപിച്ച് കന്യാകുബ്ജത്തിലെ ഇന്ദ്രായുധനെ തോൽപ്പിച്ച് ചക്രായുധനെ അവിടെ വാഴിച്ചശേഷം ഗൗഡരാജാവും ബുദ്ധമതാനുസാരിയുമായ ധർമപാലൻ മഗധയുടെ പ്രസിദ്ധ തലസ്ഥാനമായ പാടലീപുത്രത്തിൽവച്ച് ചക്രവർത്തിയായി തന്റെ കിരീടധാരണം നടത്തിയെന്ന് നമുക്കറിയാം. ഈ രാജാഭിഷേകത്തെയാണ് പൂർണ്ണവർമന്റെ കിരീടധാരണമായി ശങ്കരാചാര്യർ ശാരീരികഭാഷ്യത്തിൽ പറഞ്ഞിട്ടുള്ളതെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. പൂർണ്ണവർമൻ എന്നത് ധർമപാലന്റെ വ്യക്തിപരമായ പേരും, ധർമപാലൻ എന്നത് അദ്ദേഹത്തിന്റെ ബിരുദവുമായി വന്നേക്കാം. ഈ ഉത്സവത്തിൽ പങ്കുകൊണ്ടതിനുശേഷം ശങ്കരൻ കാശ്മീരത്തിലേക്കുപോയി സർവജ്ഞപീഠം കയറിയിരിക്കാനിടയുണ്ട്. അതിനാൽ ഈ അന്തരവം 800-ന് സമീപത്തു നടന്നിരിക്കാം.



പട്ടടക്കലിലെ ജൈന നാരായണ ക്ഷേത്രം.

വിശ്വരൂപനും ശങ്കരനും തമ്മിൽ മഗധയിൽ വച്ചു നടന്നതായി ഗ്രന്ഥകാരൻമാർ പ്രസ്താവിക്കുന്ന പ്രസിദ്ധമായ വാദപ്രതിവാദം 800-ന വളരെ മുമ്പ് നടന്നിരിക്കണമെന്ന് വിചാരിക്കുവാൻ ലക്ഷ്യങ്ങളുണ്ട്. മണ്ഡനമിശ്രനും ശങ്കരനും നടത്തിയ വാദപ്രതിവാദത്തിനിടയ്ക്ക് മണ്ഡനമിശ്രന്റെ ഭാര്യയും കമാരിലന്റെ സഹോദരിയുമായ ശാരദ ശങ്കരനോട് കാമകലയെക്കറിച്ച് കറെ ചോദ്യങ്ങൾ ചോദിച്ചുവെന്നും, അതിന്നുത്തരം പറയാൻ ശങ്കരൻ മരിച്ച അമരുക രാജാവിന്റെ ശവശരീരത്തിൽ പ്രവേശിച്ചു ആ രാജാവിന്റെ ഭാര്യമാരുമായി രമിച്ച് അമരുകശതകം ശാരദയുടെ ചോദ്യങ്ങൾക്കുത്തരമായി രചിച്ചു എന്നും സുപ്രസിദ്ധമായ ഒരു ഐതിഹ്യമുണ്ടല്ലോ. അമരുകശതകം വ്യാഖ്യാതാവായ രാമചന്ദ്രൻ ഈ സംഭവത്തെ ശങ്കരൻ കാശ്മീരത്ത് ജ്ഞാനപീഠം കയറിയ കാലത്താണ് സ്ഥാപിക്കുന്നത്. ഈ ഐതിഹ്യത്തിൽ ചില പരമാർത്ഥങ്ങൾ ഉണ്ടെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. ഏറെക്കറെ വിശ്വാസയോഗ്യമായ ഗ്രന്ഥകാരന്മാരും പ്രസ്താവിക്കുന്ന ശങ്കരനും, വിശ്വരൂപനും അഥവാ ഭവഭൂതിയുമായുള്ള വാദപ്രതിവാദമാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് മഗധയിൽ വച്ചാണ് നടന്നതും. ദുർവാസാവിനാൽ ശപിക്കപ്പെട്ട സരസ്വതിദേവി ഉഭയഭാരതി എന്ന നാമത്തിൽ കീഴിൽ മനുഷ്യസ്ത്രീയായി പിറന്ന വിശ്വരൂപനോടു പ്രേമപ്രാപിച്ചു എന്ന് ഗ്രന്ഥകാരൻമാർ പറഞ്ഞിട്ടുള്ളതും,

"യം ബ്രഹ്മാണം ഇയം ദേവീ
വാഗ്വശ്യേവാന വർത്തതേ."

എന്ന് ഉത്തരരാമചരിതത്തിൽ ഭവഭൂതി പ്രസ്താവിച്ചിട്ടുള്ളതും ഭവഭൂതിയുടെ വിദുഷിയായ ഭാര്യയുടെ പേര് സരസ്വതി എന്നോ ശാരദ എന്നോ ആയിരുന്നുവെന്ന് സൂചിപ്പിക്കുന്നു. അമരുകരാജാവിനെപ്പറ്റി മുകളിൽ പ്രസ്താവിച്ച ഐതിഹ്യം, കന്യാകുബ്ജത്തിലെയും മഗധയിലെയും രാജാവായിരുന്ന ആമരാജാവിനെപ്പറ്റിയാണെന്നും, ഈ രാജാവിന്റെ ആശ്രിതനായിരുന്ന അമരുക എന്ന കവിയെയും കൂട്ടിക്കുഴച്ചിട്ടുള്ള ഒന്നാണെന്നാണ് ഈ ലേഖകന്റെ അഭിപ്രായം. അമരുകശതകത്തിന്റെ ഒരു വ്യാഖ്യാതാവ് കവിയെ '[illegible]' എന്ന് വർണ്ണിച്ചിരിക്കുന്നതിനാൽ, അമരുക തട്ടാൻജാതിയിൽപ്പെട്ട ഒരു കവിയാണെന്ന് അനുമാനിക്കാം. അമരുകരാജാവിന്റെ മരണത്തെപ്പറ്റി പ്രസ്തുത ഐതിഹ്യം പറയുന്നതിനാൽ ആമരാജാവിന്റെ മരണകാലമായ 780-ന സമീപം ഇത് നിർമ്മിച്ചിരിക്കണം. ജയാപീഡന്റെ പണ്ഡിത സഭയിലെ ഒരു അംഗമായ വാമനന്റെ കാവ്യാലങ്കാര സൂത്രവൃത്തിയിൽ ഇതിനെ ഉദ്ധരിച്ചിരിക്കുന്നതും ഈ കാലത്തോടു യോജിക്കുന്നുണ്ട്. ഇതിന്റെ രചനാകാലത്തിനടുത്ത് ഭവഭൂതിയും ശങ്കരനും തമ്മിലുള്ള വാദം നടന്നതുകൊണ്ടാണ് അതിനെ ശങ്കരനും വിശ്വരൂപനും, അതായത് ഭവഭൂതിയുമായി ഐതിഹ്യം ഘടിപ്പിച്ചിട്ടുള്ളതെന്നു വിചാരിക്കാം.

അകളങ്കൻ

ഇപ്രകാരം എ. ഡി. 770-ന സമീപിച്ച് മഗധയിൽ വച്ച് ശങ്കരാചാര്യർ തന്നെ വാദത്തിൽ തോല്പിച്ചതിനാൽ താൻ അയാളുടെ മതം സ്വീകരിക്കുമെന്ന തന്റെ ഭാര്യാസഹോദരനും ഗുരുവുമായ കമാരിലന്റെ മീമാംസാ ശാഖയെ ഉപേക്ഷിച്ച് ശങ്കരന്റെ വേദാന്തമതം സ്വീകരിച്ച് അദ്ദേഹത്തിന്റെ ശിഷ്യനായിത്തീർന്നിരിക്കണം. ഇതോടുകൂടി സുരേശ്വരനെന്ന നാമത്തിൽ കീഴിൽ ഭവഭൂതി സന്യാസിക്കുകയും, ശങ്കരനൊന്നിച്ചു കറേക്കാലം സഞ്ചരിച്ച ശേഷം അദ്ദേഹത്തോടുകൂടി കേരളത്തിലേക്കു പോന്ന എന്നുള്ളതും സംഭാവ്യമാണ്. ഭവഭൂതിയുടെ യഥാർഥനാമം വിശ്വരൂപനെന്നായിരിക്കണം. ജ്ഞാനനിധിയെന്ന ബിരുദം വഹിച്ചിരുന്ന അദ്ദേഹത്തിന്റെ ഗുരു കമാരിലഭട്ടനാണ്. ഉംബേകനെന്ന പേര് ഭവഭൂതിക്കു ലഭിച്ചത് അദ്ദേഹം ഒരു ഉദുംബര ബ്രാഹ്മണനായിരുന്നതുകൊണ്ടായിരിക്കാം. ഉദുംബരനെന്ന പദത്തെ ഉംബേക എന്നു പ്രാകൃതവൽക്കരിച്ചതായിരിക്കാം. രാഷ്ട്രകൂട രാജാക്കന്മാരായ ദന്തിദുർഗന്റെയും അദ്ദേഹത്തിന്റെ പിതൃസഹോദരനായ കൃഷ്ണൻ ഒന്നാമന്റെയും സമകാലിനനായ അകളങ്കൻ എന്ന പ്രസിദ്ധ ജൈനാചാര്യന്റെ സമകാലിനനായി കമാരിലഭട്ടൻ ജീവിച്ചിരുന്നതിനാൽ എ. ഡി. 700-നും 760-നും മദ്ധ്യേയായിരിക്കും കമാരിലഭട്ടന്റെ കാലം. കമാരിലഭട്ടനോ ഭവഭൂതിയോ പ്രായംകറഞ്ഞ സഹോദരിയെയായിരിക്കാം വിവാഹം ചെയ്തിട്ടുണ്ടാവുക. അഷ്ടസഹസ്രി എന്ന വ്യാഖ്യാനഗ്രന്ഥത്തിൽ അതിന്റെ കർത്താവും സുരേശ്വരന്റെ സമകാലീനനുമായ ജൈനഗ്രന്ഥകാരൻ വിദ്യാനന്ദൻ, കമാരിലൻ (എ. ഡി. 672-ൽ മരിച്ച) ധർമകീർത്തിയുടെയും പ്രഭാകരന്റെയും അഭിപ്രായങ്ങളെ ഖണ്ഡിക്കുന്ന എന്ന് പ്രസ്താവിച്ചിരിക്കുന്നതിനാൽ, പ്രഭാകരൻ കമാരിലന്റെ സമകാലിനനോ മുൻഗാമിയോ ആയിരുന്നിരിക്കാം. പ്രഭാകരൻ കമാരിലന്റെ ശിഷ്യനാണെന്ന ഐതിഹ്യം നിരർത്ഥകമാണ്; പ്രഭാകരനും കമാരിലനും ഒരു പ്രായക്കാരും സമകാലിനന്മാരുമാണെന്നാണ് ഈ ലേഖകന്റെ അഭിപ്രായം. പ്രസിദ്ധ മീമാംസാഗ്രന്ഥമായ ശബരഭാഷ്യത്തിനു പ്രഭാകരൻ നിർമ്മിച്ചിട്ടുള്ള ബൃഹതി എന്ന വ്യാഖ്യാനം, ശബരഭാഷ്യത്തിന്റെ വാർത്തികൻ എന്ന പേരിൽ പ്രസിദ്ധനായിരുന്ന വ്യാഖ്യാതാവെഴുതിയിട്ടുള്ള വ്യാഖ്യാനത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ളതാണെന്ന് ഡോക്ടർ ഝാ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശബരഭാഷ്യത്തിന്റെ കാലത്തെപ്പറ്റി ചില ഊഹങ്ങൾ മാത്രമേ ഇപ്പോഴുള്ളൂ.

ലളിതാദിത്യന്റെ കാലഘട്ടത്തിൽ നിർമ്മിച്ച സൂര്യക്ഷേത്രം.

അത് ബി. സി. 57-ൽ ജീവിച്ചിരുന്ന പ്രസിദ്ധനായ വിക്രമാദിത്യന്റെ കാലത്തു രചിച്ചു എന്ന് ചിലർ വിചാരിക്കുന്നു. ഇത് ശരിയല്ലെന്നും അത് രചിച്ചത് എ. ഡി. ആറാം ശതാബ്ദത്തിന്റെ മധ്യത്തിലാണെന്നുമാണ് ഈ ലേഖകന്റെ അഭിപ്രായം. ഹർഷവർധനൻ എന്ന രാജാവിന്റെ 'ലിംഗാനുശാസനം' എന്ന ഗ്രന്ഥത്തിന് ഭട്ടദയാബ്ദന്റെ പുത്രനായ പൃഥിവീശ്വരൻ എഴുതിയിട്ടുള്ള വ്യാഖ്യാനത്തിൽ അദ്ദേഹം ഉദ്ധരിക്കുന്നുണ്ട്. ഈ ഹർഷവർധനൻ നാഗാനന്ദകർത്താവായ ഹർഷചക്രവർത്തിയല്ലെന്നും അദ്ദേഹം ആറാം ശതാബ്ദത്തിൽ കാളിദാസന്റെ സമകാലിനനായി ജീവിച്ചിരുന്ന യശോധർമ വിക്രമാദിത്യഹർഷനാണെന്നും പ്രസ്തുത ഭട്ടദയാബ്ദൻ പ്രസിദ്ധ ന്യായാചാര്യനായ ഉദ്യോതകരനും ശബരസ്വാമി ശബരഭാഷ്യകർത്താവാണെന്നും ഈ ലേഖകൻ വിചാരിക്കുന്നു. വിക്രമാദിത്യനും ശബരസ്വാമിയുമായുള്ള സംബന്ധത്തിന് ഐതിഹ്യത്തിലും ലക്ഷ്യമുണ്ട്. എ. ഡി. 600-ന സമീപിച്ചു ജീവിച്ചിരുന്ന സുബന്ധുവിന്റെ വാസവദത്തയിൽ 'മീമാംസാന്യായമിവ [illegible]' [illegible]. ശബരഭാഷ്യം എ. ഡി. ആറാം ശതാബ്ദത്തിൽ ജനിച്ചതിനാൽ, അതിന്റെ ആദ്യമായി വ്യാഖ്യാനമെഴുതിയ വാർത്തികകാരൻ ഏഴാം ശതാബ്ദത്തിലും, ഈ വാർത്തികത്തിന്റെ വ്യാഖ്യാനത്തെ ആസ്പദിച്ച് ബൃഹതി രചിച്ച പ്രഭാകരൻ എട്ടാം ശതാബ്ദത്തിലും ജീവിച്ചിരിക്കണം എന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. [illegible] എ. ഡി. 864-ന സമീപിച്ച് മരിച്ചു എന്ന് ഈ ലേഖകൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന '[illegible]' എന്ന ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിനാൽ അദ്ദേഹത്തിന്റെ ഗുരുവായ പ്രഭാകരൻ എ. ഡി. 800-ന് സമീപിച്ച് ജീവിച്ചിരിക്കണം. എട്ടാം ശതാബ്ദത്തിന്റെ പൂർവാർദ്ധത്തിൽ സ്ഥാപിച്ചിട്ടുള്ള പ്രസ്തുതമതങ്ങൾക്ക് പ്രസിദ്ധി നേടുവാൻ ഈ കാലാന്തരം ഏറ്റവും അധികമായിരിക്കുന്നതുമല്ല. എ. ഡി. 800-ന് സമീപിച്ച് രാജശേഖരൻ എന്നൊരാൾ ചേരരാജാവ് ജീവിച്ചിരുന്നതായി [illegible] ചെപ്പേടിൽ നിന്ന് നമുക്കറിയാം. ഈ രാജശേഖരനായിരിക്കാം ഹരിശ്ചന്ദ്രപ്പെരുമാൾ. [illegible] രാജശേഖരകവി അന്ധനെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു.

പരിഹാസ്പൂർ; സ്ഥലം നശിച്ച് മുകളിലുള്ള ഒരു പീഠഭൂമിയിൽ മുക്താപീഡ ലളിതാദിത്യൻ നിർമ്മിച്ചത്.

ഒരു കേരളീയനായ ഗോവിന്ദനാഥയതി എഴുതിയിട്ടുള്ള ശങ്കരാചാര്യചരിതത്തിൽ ശങ്കരന്റെ പ്രധാന ശിഷ്യന്മാരിൽ മൂന്നുപേർ കേരളീയരാണെന്നും, ഇവരിൽ പത്മപാദൻ, വിഷ്ണുശർമൻ എന്ന പേരുള്ള ആലത്തൂർ ഗ്രാമത്തിലെ ഒരു നമ്പൂതിരിയാണെന്നും പറഞ്ഞിരിക്കുന്നു. ശങ്കരന്റെ നാലു പ്രധാന ശിഷ്യന്മാർ സുരേശ്വരനും പത്മപാദനും തോടകനും ഹസ്താമലകനുമാണ്. സുരേശ്വരൻ ഭവഭൂതിയായാൽ ശേഷിച്ച മൂന്നുപേരുമാണ് കേരളീയർ. പത്മപാദനാണ് മണ്ഡനമിശ്രൻ എന്ന് ഈ ലേഖകൻ വിചാരിക്കുന്നു. സുരേശ്വരനും പത്മപാദനും ശങ്കരനെക്കാൾ മൂപ്പുകൂടിയ ശിഷ്യന്മാരാണ്. തൃശൂരിൽ നടുവിലെ മഠം സ്ഥാപിച്ചത് സുരേശ്വരനും, തെക്കെ മഠം സ്ഥാപിച്ചത് പത്മപാദനാണെന്നുള്ള കേരളീയ ഐതിഹ്യത്തെ അവിശ്വസിക്കുവാൻ ഒരു കാരണവും കാണുന്നില്ല. സാധാരണയായി പറഞ്ഞുവരുന്നത് ശങ്കരൻ സുരേശ്വരനെ മൈസൂരിലുള്ള ശൃംഗേരി മഠത്തിന്റേയും, പത്മപാദനെ ഗുജറാത്തിലുള്ള ദ്വാരകാമഠത്തിന്റേയും, തോടകനെ ഹിമാലയത്തിലുള്ള ബദരി മഠത്തിന്റേയും, ഹസ്താമലകനെ ഒറീസ്സയിലുള്ള ജഗന്നാഥ (പുരി) മഠത്തിന്റേയും മാധിപതികളായി നിയമിച്ചു എന്നാകുന്നു. ശൃംഗേരി മഠം എ. ഡി. 6-ാം ശതാബ്ദം മുതൽക്ക് 14-ാം ശതാബ്ദം വരെ പൂട്ടിയിട്ടിരുന്നു എന്ന് വിചാരിക്കുവാൻ കാരണമുള്ളതിനാൽ, സുരേശ്വരൻ തൃശൂരിലെ നടുവിലെ മഠത്തിലേയും പത്മപാദൻ അവിടത്തെ തെക്കെ മഠത്തിലേയും മാധിപതികളായിട്ടാണ് പ്രായോഗികജീവിതം നയിച്ചിരുന്നതെന്ന് നമുക്ക് വിശ്വസിക്കാം. ഇങ്ങനെ പണ്ഡിതാഗ്രേസരനും മഹാകവിയുമായ സുരേശ്വരൻ അഥവാ ഭവഭൂതി കറേക്കാലം തൃശൂരിലെ നടുവിലെ മഠത്തിന്റെ അധിപനായിരുന്നശേഷം, ശങ്കരന്റെ ജീവിതകാലത്തുതന്നെ, അതായത് എ. ഡി. 800-ന കറേവർഷങ്ങൾക്കു മുമ്പ് മരണമടഞ്ഞിരിക്കണം.



ശങ്കരാചാര്യർ ശിഷ്യന്മാരോടൊപ്പം (ചിത്രം).

തൃശൂരിന് മാത്രമല്ല, തിരുവനന്തപുരത്തിനുകൂടി ഭവഭൂതിയോട് ഒരു ബന്ധമുണ്ട്. ഈ ബന്ധം തൃശൂരിന്റേതുപോലെ അത്ര അടുത്തായിരുന്നില്ലെന്നേയുള്ളൂ. സുരേശ്വരൻ അഥവാ ഭവഭൂതിയുടെ മരണാനന്തരം നടുവിലെ മഠത്തിന്റെ മാധിപതിയായത് ലീലാശുകൻ എന്ന അപരനാമമുള്ള കേരളത്തിലെ ഒന്നാമത്തെ വില്വമംഗലം സ്വാമിയാരായിരുന്നുവെന്ന് ഈ ലേഖകൻ വിചാരിക്കുന്നു. ഈ ഒന്നാമത്തെ വില്വമംഗലം സ്വാമിയാരാണ് ലീലാശുകൻ എന്ന് മി. ഗോവിന്ദയൂർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായത്തോട് ഈ ലേഖകൻ പൂർണ്ണമായി യോജിക്കുന്നു. പത്മപാദനാണ് ഗുരുവെന്ന് ഒന്നാമത്തെ വില്വമംഗലം സ്വാമിയാർ അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളിലൊന്നിൽ പ്രസ്താവിച്ചിട്ടുള്ളതായി മി. വാര്യർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ തന്റെ ശിക്ഷാഗുരു പത്മപാദരാണെങ്കിലും തന്റെ പരമ്പരാഗുരു സുരേശ്വരനാണെന്നും ലീലാശുകൻ തന്റെ സുപ്രസിദ്ധകൃതിയായ ശ്രീകൃഷ്ണകർണാമൃതത്തിലെ ചുവടെ ചേർത്തിരിക്കുന്ന ശ്ലോകാർത്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു എന്ന് ഈ ലേഖകൻ വിചാരിക്കുന്നു.

'ചിന്താമണിർജയതി സോമഗിരിർ ഗുരുർമേ
ശിക്ഷാഗുരുശ്ച ഭഗവാൻ ശിഖി പിഞ്ഛമൗലി'



ശൃംഗേരി ശാരദാ പീഠം.

സുരേശ്വരൻ ശൃംഗേരി മഠത്തെ ഭരിച്ചിരുന്നില്ലെങ്കിലും ആ മാധിപതിയുടെ സ്ഥാനം അദ്ദേഹത്തിനാണുണ്ടായിരുന്നതെന്ന് മുകളിൽ പ്രസ്താവിച്ചിട്ടുള്ള ഐതിഹ്യങ്ങളിൽ നിന്ന് വിചാരിക്കാവുന്നതാണ്. ശൃംഗേരി മഠത്തിലെ സ്വാമിയാരുടെ ബിരുദങ്ങൾ സരസ്വതി, പുരി, ഭാരതി, ആരണ്യൻ, തീർഥൻ, ആശ്രമൻ എന്നും ബദരിമഠത്തിലെ സ്വാമിയാരുടെ ബിരുദങ്ങൾ ഗിരി, പർവ്വതൻ, സാഗരൻ എന്നും ദ്വാരകാമഠത്തിലെ സ്വാമിയാരുടെ ബിരുദങ്ങൾ തീർഥൻ, ആശ്രമൻ എന്നും, പുരിമഠത്തിലെ സ്വാമിയാരുടെ ബിരുദങ്ങൾ അരണ്യൻ, വനൻ എന്നുമാണ്. പ്രസ്തുത ശ്ലോകത്തിലെ ഒന്നാമത്തെ വരിയിൽ പറഞ്ഞിട്ടുള്ള സോമഗിരി അതിനാൽ ഗിരിസ്ഥാനമുള്ള നടുവിലെ മഠത്തിലെ വില്വമംഗലം സ്വാമിയാരുടെ മുൻഗാമിയായ സുരേശ്വരനെന്ന് വിചാരിക്കാവുന്നതാണ്. പത്മപാദൻ, അഥവാ മണ്ഡനമിശ്രൻ എന്ന ശങ്കരശിഷ്യന്റെ യഥാർഥനാമം വിഷ്ണുശർമ്മൻ എന്നാണെന്ന് മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. രണ്ടാമത്തെ വരി ശ്രീകൃഷ്ണനെന്ന അർഥത്തിൽ വിഷ്ണുശർമ്മനേയും സൂചിപ്പിക്കുന്നു. തിരുവനന്തപുരത്ത് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഇന്നും പുഷ്പാഞ്ജലി ചെയ്യുന്ന സ്വാമിയാർമാർ നടുവിലെ മഠത്തിലെ സ്വാമിയാരാകയാൽ, ആദ്യത്തെ വില്വമംഗലം സ്വാമിയാരായ ലീലാശുകൻ ശ്രീപത്മനാഭസ്വാമിക്ഷേത്രം പ്രതിഷ്ഠിച്ചപ്പോൾ അതിൽ ആദ്യമായി പുഷ്പാഞ്ജലി ചെയ്തു എന്നും തന്നിമിത്തമാണ് മറ്റു സ്വാമിയാർമാർക്ക് ഈ അവകാശം സിദ്ധിച്ചതെന്നും വിചാരിക്കാവുന്നതാണ്. ഇങ്ങനെ ഭവഭൂതിയുടെ ശിഷ്യനാണ് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ആദ്യം പുഷ്പാഞ്ജലി ചെയ്തതെന്ന് തിരുവനന്തപുരത്തുകാർക്ക് അഭിമാനിക്കാം. [illegible] സ്മാരകങ്ങൾ അവർ പാർത്തിരുന്ന പറമ്പുകളിൽ കെട്ടുവാൻ ഉദ്യമിക്കുന്ന കേരളീയരായ ഭാഷാഭിമാനികളുടെ ദൃഷ്ടിയിൽ ഭാരതത്തിലെ പണ്ഡിതന്മാരുടെയും കവികളുടെയും മുന്നണിയിൽ നിൽക്കുന്ന ഭവഭൂതിയുടെ സ്മാരകം തൃശൂരിലെ നടുവിലെ മഠത്തിൽ കെട്ടേണ്ടതിന്റെ ആവശ്യകത ഈ ലേഖകൻ കൊണ്ടുവന്നു കൊള്ളുന്നു.

(1937 മെയ് 3.)

കേസരി ബാലകൃഷ്ണപിള്ള

പാശ്ചാത്യ സാഹിത്യ ചിന്തകളുടെ ഊഷ്മള ചൈതന്യം മലയാള ഭാഷയിലേക്ക് ആവാഹിച്ച ഫ്യൂച്ചറിസ്റ്റ് ചിന്തകനും വിമർശകനും. പത്രപ്രവർത്തകൻ, നിരൂപകൻ, ചരിത്രകാരൻ എന്നീ നിലകളിൽ ശ്രദ്ധേയനായ മലയാളസാഹിത്യകാരനായിരുന്ന കേസരി എന്നറിയപ്പെടുന്ന കേസരി എ. ബാലകൃഷ്ണപിള്ള. ജീവിതത്തിലും സാഹിത്യത്തിലും അദ്ദേഹം ഒരു വിപ്ലവകാരിയായിരുന്നു.

1889-ൽ തമ്പാന്നൂരിലെ പുളിക്കൽ മേലേ വീട്ടിൽ ജനനം. പണ്ഡിതനും ഗ്രന്ഥകാരനുമായ ദാമോദരൻകർത്താവാണ് അച്ഛൻ. അമ്മ പാർവ്വതി അമ്മ. കുടിപ്പള്ളിക്കൂടത്തിലും കൊല്ലം ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം. 1908-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ നിന്ന് ചരിത്രം ഐച്ഛികമായെടുത്ത് ബി. എ. ജയിച്ചു. ഗേൾസ് കോളേജിലും കൊല്ലം മഹാരാജാസ് കോളേജിലും ചരിത്രാദ്ധ്യാപകനായി ജോലി ചെയ്തു. സായാഹ്നക്ലാസിൽ പഠിച്ച് 1913-ൽ ബി. എൽ. ജയിച്ചു. 1917-ൽ ജോലി രാജി വെച്ച വക്കീലായി പ്രാക്ടീസ് തുടങ്ങി. 1922 വരെ തിരുവനന്തപുരം ഹൈക്കോടതിയിൽ വക്കീലായിരുന്നു.

പത്രപ്രവർത്തനം

1922 മെയ് 14-നു സമദർശിയുടെ പത്രാധിപത്യം ഏറ്റെടുത്തുകൊണ്ട് പത്രപ്രവർത്തനരംഗത്തേക്ക് പ്രവേശിച്ചു. 1926 ജൂൺ 19-നു സമദർശിയുടെ പത്രാധിപത്യം രാജിവെച്ചു. സ്വന്തമായി ഒരു പത്രം തുടങ്ങുന്നതിനുള്ള പണം ശേഖരിക്കുന്നതിനായി തിരുവിതാംകൂറിലും, മലേഷ്യയിലും പര്യടനങ്ങൾ നടത്തി. 1930 ജൂൺ 4-നു പ്രബോധകൻ ശാരദാ പ്രസ്സിൽ നിന്നും അച്ചടി ആരംഭിച്ചു. 1930 സെപ്തംബർ 10-നു ലൈസൻസ് റദ്ദാക്കിയതുകൊണ്ട് പ്രബോധകൻ നിർത്തി. പിന്നീട് 1930 സെപ്തംബർ 18-നു തന്നെ കേസരി പത്രം പ്രസിദ്ധീകരണം ആരംഭിക്കുന്നു. 1931 ഫെബ്രുവരി 19-നു കോടതിയലക്ഷ്യത്തിന് 200 രൂപ പിഴ ചുമത്തുന്നു. 1935 ഏപ്രിൽ മാസത്തോടെ കേസരി പ്രസിദ്ധീകരിക്കാൻ കഴിയാതാവുകയും 1936-ൽ കടം താങ്ങാനാവാതെ ശാരദാ പ്രസ്സും ഉപകരണങ്ങളും വിൽക്കുകയും ചെയ്യുന്നു.

സാഹിത്യപ്രവർത്തനം

പാശ്ചാത്യ സാഹിത്യത്തെ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൊടുത്തത് കേസരിയാണ്. ലോകത്തെ വിപ്ലവകരമായി മാറ്റിമറിക്കുന്നതിന് പ്രയോഗിക്കേണ്ട ഒരായുധമായിട്ടാണ് അദ്ദേഹം സാഹിത്യത്തെ കണ്ടത്. വൈദേശിക സാഹിത്യപ്രസ്ഥാനങ്ങളെ മുൻ നിർത്തി മലയാളസാഹിത്യത്തെ വിലയിരുത്താനാണ് അദ്ദേഹം ഉദ്യമിച്ചത്. പ്രസ്ഥാന നിരൂപകൻ, സാങ്കേതിക നിരൂപകൻ, ചിത്രകലാ നിരൂപകൻ, എന്നൊക്കെയാണ് കേസരി വിശേഷിപ്പിക്കപ്പെടുന്നത്.

മലയാളം കൂടാതെ ഹീബ്രു, ലാറ്റിൻ, ഗ്രീക്ക് എന്നിവയും അസീറിയൻ, സുമേറിയൻ ഭാഷകളും ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ എന്നീ യൂറോപ്യൻ ഭാഷകളും സംസ്കൃതം, അറബി എന്നിവയും തമിഴ്, തെലുങ്ക്, കന്നട, ചൈനീസ് എന്നീ ഭാഷകളും അറിയാമായിരുന്നു.

കേസരി സദസ്

1930-കളിൽ ശാരദ പ്രസ്സിൽ ഒത്തു കൂടിയിരുന്ന എഴുത്തുകാരുടേയും രാഷ്ട്രീയ പ്രവർത്തകരുടേയും കൂട്ടായ്മയാണ് കേസരി സദസ്. തകഴി, പട്ടം താണുപിള്ള, എ. വി. കൃഷ്ണപിള്ള, കെ. എ. ദാമോദരൻ, എൻ. എൻ. ഇളയത്, ബോധേശ്വരൻ, സി. നാരായണപിള്ള തുടങ്ങിയവരായിരുന്നു കേസരി സദസിൽ ഒത്തു കൂടിയിരുന്നത്.

അവസാനകാലം

1942 സെപ്തംബർ 3-ന് തിരുവനന്തപുരത്തു നിന്നും വടക്കൻ പറവൂരിലേക്ക് താമസം മാറ്റി. 1960 ഡിസംബർ 18-ന് ആ മഹാമനീഷി ഈ ലോകത്തോടു വിടപറഞ്ഞു.

കൃതികൾ

പതിമൂന്നു വിവർത്തനങ്ങളുൾപ്പെടെ 41 കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- കാമുകൻ (തർജ്ജമ)
- ലാർഡ് കിച്ചനർ
- പുരാതത്വ പ്രദീപം
- അലക്സാണ്ടർ മഹാൻ
- യൂളിസസ്സ് ഗ്രാന്റ്
- രണ്ട് സാഹസികയാത്രകൾ
- ഐതിഹ്യ ദീപിക
- വിക്രമാദിത്യൻ ത്രിഭുവന മല്ലൻ
- ഹർഷ വർദ്ധനൻ
- കാർമെൻ (തർജ്ജമ)
- നവലോകം
- പ്രേതങ്ങൾ
- രൂപമഞ്ജരി
- ഒരു സ്ത്രീയുടെ ജീവിതം
- ഓമനകൾ
- ആപ്പിൾ പൂമൊട്ട്
- നോവൽ പ്രസ്ഥാനങ്ങൾ
- മൂന്ന് ഹാസ്യ കഥകൾ
- മോപ്പസാങ്ങിന്റെ ചെറുകഥകൾ (തർജ്ജമ)
- സാഹിത്യ ഗവേഷണ മാല
- പ്രാചീന കേരള ചരിത്ര ഗവേഷണം
- സാങ്കേതിക ഗ്രന്ഥ നിരൂപണങ്ങൾ
- ഒമ്പത് പ്രഞ്ച കഥകൾ
- നാല് ഹാസ്യ കഥകൾ
- സാഹിത്യ വിമർശനങ്ങൾ
- ആദം ഉർബാസ്
- എട്ട് പാശ്ചാത്യ കഥകൾ
- കേസരിയുടെ മുഖ പ്രസംഗങ്ങൾ
- ചരിത്രത്തിന്റെ അടിവേരുകൾ
- കേസരിയുടെ സാഹിത്യ വിമർശനങ്ങൾ
- കേസരിയുടെ ലോകങ്ങൾ
- നവീന ചിത്ര കല
- ചരിത്ര പഠനങ്ങൾ
- Outline of Proto Historic Chronology of Western Asia
- കേസരിയുടെ ചരിത്ര ഗവേഷണങ്ങൾ (നാലു വാള്യം)

ഡ്രോയിങ്: വി. ആർ. സന്തോഷ്.
(വിവരങ്ങൾക്ക് വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറ് മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറ് മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റ വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്യു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.